# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 552** **26.04.2017-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണംനടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ

| | ചോദ്യം<br>ശ്രീ എം.ഉമ്മർ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | 2017 മാർച്ച് 31-ന് മുമ്പ് സംസ്ഥാനത്തെ എല്ലാ വീട്ടുകളും വൈദ്യുതീകരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പൂർണമായും നിറവേറ്റുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭിക്കേണ്ടത്, മറ്റുള്ളവരുടെ ഭൂമിയിലൂടെ ലൈൻ വലിക്കുന്നതിൽ തടസ്സമുള്ളത്, വയറിംഗ് പൂർത്തിയാക്കി അപേക്ഷ നൽകാൻ കഴിയാത്തത് തുടങ്ങിയ കാരണങ്ങളാൽ ബാക്കി നിൽക്കുന്നവ ഒഴിച്ച് പ്രയോഗികമായി കണക്ഷൻ നൽകുന്നതിന് കഴിയാവുന്ന മുഴുവൻ വീട്ടുകൾക്കും വൈദ്യുതി നൽകികൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങിനെ ബാക്കി വന്ന വീട്ടുകൾക്കും കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ പദ്ധതിക്ക് വേണ്ടി വൈദ്യുതി കണക്ഷനുള്ള അപേക്ഷ ലഘൂകരിക്കൽ, 1000 സ്ക്വയർമീറ്ററിൽ താഴെയുള്ള വീട്ടുകൾക്ക് കൈവശാവകാശ രേഖകൾ ഒഴിവാക്കൽ തുടങ്ങി വിവിധ നടപടികളിലൂടെ മുൻകാലങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതിരുന്ന വീട്ടുകൾക്ക് കൂടി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വിവിധ കാരണങ്ങളാൽ ഇനിയും വൈദ്യുതീക രിക്കാനുള്ള വീട്ടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇല്ലെങ്കിൽ ഇനിയും വൈദ്യുതീകരിക്കാനുള്ള വീട്ടുകളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ലഭ്യമാക്കാമോ; | | |
| (സി) | പ്രസ്തുത പ്രഖ്യാപനം പൂർണമായും നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | | |

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്

Kemalella

**സെക്ഷൻ ഓഫീസർ**